# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -153 — 06.07.2015-ൽ മറുപടിയ്ക്ക്

### സ്കൂൾവിദ്യാർത്ഥികളുടെ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾവിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ബസ്സുകൾ, വാനുകൾ, കാറുകൾ, ഓട്ടോറിക്ഷകൾ എന്നിവയുടെ പരിശോധനകൾ മുമ്പെന്നത്തെക്കാളും കർശനമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാങ്ങി ഓടിക്കുന്ന പഴയ വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഗതാഗത വകുപ്പ് കർശനമായി പരിശോധിച്ചശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരക്കേറിയതും അപകടസാദ്ധ്യത ഉള്ളതുമായ സ്കൂൾ ജംഗ്ഷനുകളിൽ രാവിലെയും വൈകിട്ടും ട്രാഫിക് പോലീസ്/ഹോംഗാർഡ്/സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരെ നിയോഗിക്കുന്നുണ്ട്. സ്കൂൾ വാഹനത്തിൽ കുട്ടികളെ കയറ്റുന്നതിനും ഇറക്കുന്നതിനും ആരോഗ്യമുള്ള ഒരു സഹായി ഉണ്ടായിരിക്കണമെന്നും, സഹായി കുട്ടികളെ വാഹനത്തിൽ നിന്നും ഇറക്കി റോഡ് കടത്തിവിടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>റോഡ് സുരക്ഷ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ സ്കൂളുകളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ച് വരുന്നു. സ്കൂളുകൾക്ക് സമീപം 'സേഫ് സോൺ' രൂപീകരിക്കുന്നതിന് നടപടി നടന്നുവരുന്നു. ബസ്സിനുള്ളിൽ രൂപകല്പന ചെയ്ത 'മൊബൈൽ ട്രാഫിക് ഇലക്ട്രോണിക് പാർക്ക്' എല്ലാ സ്കൂളുകളിലും പ്രദർശനത്തിനെത്തുന്നുണ്ട്. ശുഭയാത്ര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു ട്രാഫിക് ട്രെയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ട് സ്ഥാപിക്കാനും എല്ലാ ജില്ലകളിലും ഹൈടെക് ട്രാഫിക് പാർക്കുകൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു. |
| (ബി) സ്കൂൾവാൻ മറിഞ്ഞ് വിദ്യാർത്ഥികളുടെ കൂട്ടമരണം സംഭവിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ഡ്രൈവർമാർക്ക് കുറഞ്ഞത് 10 വർഷത്തെ പ്രവർത്തി പരിചയം വേണമെന്നും അവർ മദ്യപിച്ചോ അലക്ഷ്യമായോ അപകടകരമായോ വാഹനം ഓടിച്ചതിന് പിടിക്കപ്പെട്ടവരാകരുതെന്നും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്, മാത്രമല്ല വാഹനങ്ങളിൽ അമിതമായി കുട്ടികളെ കുത്തിനിറച്ചുകൊണ്ട് പോകരുതെന്ന നിബന്ധനയും നൽകിയിട്ടുണ്ട്. വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാത്ത വാഹനങ്ങളെ കസ്റ്റഡിയിലെടുക്കുകയും ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചും വരുന്നു. |

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സേഫ്റ്റി ആഫീസർമാരെ നിയമിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളിലെ അദ്ധ്യാപകരിൽ ഒരാളെ "**സ്കൂൾ സേഫ്റ്റി ഓഫീസറായി**" നിയമിക്കുന്നതിനും സ്കൂൾ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും, പ്രസ്തുത വാഹനങ്ങളിലെ സ്റ്റാഫുകളുടെയും കുട്ടികളുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) സുരക്ഷാനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നു എന്നുറപ്പാക്കാൻ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

(ഡി) S.H.O മാർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിക്കുകയും പ്രഥമ അദ്ധ്യാപകന്റെയും സഹപ്രവർത്തകരുടെയും യോഗങ്ങൾ വിളിച്ചുകൂട്ടുകയും സ്കൂൾ കുട്ടികളുടെ സുരക്ഷയെപ്പറ്റി അവരെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നു. പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥന്മാർ സ്കൂൾ കുട്ടികളുടെ സുരക്ഷക്കായി S.H.O മാർ കൈക്കൊണ്ട നടപടികൾ പരിശോധിച്ച് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ